Santhigiri

# ഉമ്മിണിതങ്കം

VOL 04 | ISSUE 39 | 2018 സെപ്റ്റംബർ 16 | 1194 ചിങ്ങം 31

Newspaper published from Santhigiri Ashram | For Private Circulation Only | www.santhigiriashram.org | തിരുവനന്തപുരം റൂറൽ

## ഗുരുവാണി

"മതപരമായും സാമ്പത്തികമായും രാഷ്ട്രീയമായും ആരോ മുൻപ് വെട്ടിത്തെളിച്ച പാതയിലൂടെ കുറച്ചു വേഗത്തിൽ നടക്കാൻ നാം ആഗ്രഹിക്കുന്നു. അത് അവരെ നോക്കിക്കൊണ്ടു മാത്രം. നമ്മെ നോക്കിക്കൊണ്ടല്ല."

# 'നവപൂജിതം 92' ഭക്തിസാന്ദ്രമായി



**സ്പിരിച്വൽ സോൺ:** ഗുരുവിന്റെ തൊണ്ണൂറ്റിരണ്ടാമത് ജന്മദിന പൂജിത സമർപ്പണം - നവപൂജിതം 92 - സെപ്റ്റംബർ 13, വ്യാഴാഴ്ച ഭക്തിനിർഭരമായ ചടങ്ങുകളോടെ ആശ്രമത്തിൽ നടന്നു. രാവിലെ മുതൽ പ്രത്യേക പ്രാർത്ഥനാസങ്കല്പങ്ങളും സന്ന്യാസിമാരുടെയും നിയുക്തരായവരുടെയും പുഷ്പാഞ്ജലിയും ആത്മബന്ധുക്കളുടെ പുഷ്പസമർപ്പണവും മറ്റ് വിശേഷാൽ ചടങ്ങുകളും ആരംഭിച്ചു. ഉച്ചക്ക് ഗുരുദർശനവും ഗുരുവിന് തട്ടം സമർപ്പണവും ഗുരുപാദവന്ദനവും നടന്നു. വൈകുന്നേരം നടന്ന ദീപപ്രദക്ഷിണത്തോടെ നവപൂജീതത്തിന് സമർപ്പണമായി. നവപൂജിതത്തിൽ പങ്കെടുക്കുന്നതിന് ദൂരസ്ഥലങ്ങളിൽ നിന്നുൾപ്പെടെ നൂറുകണക്കിന് ഗുരുഭക്തർ ആശ്രമത്തിലെത്തി.

രാവിലെ 7.30 മണിയോടെ സഹകരണമന്ദിരത്തിനു മുൻപിൽ വച്ച് അഭിവന്ദ്യ ശിഷ്യപൂജിത പ്രഭാഷണം നടത്തി. തുടർന്ന് ജന്മദിനസന്ദേശം (ഗുരുപ്രകാശത്തിൽ നിന്നുള്ള അറിയിപ്പ്) സ്വാമി ചൈതന്യ ജ്ഞാനതപസ്വി വായിച്ചു.

സന്ന്യാസസംഘത്തിന്റെയും ബ്രഹ്മചാരികളുടെയും തട്ടം സമർപ്പണവും ഉണ്ടായിരുന്നു.

ശാന്തിഗിരി കമ്യൂണിക്കേഷൻസ് പുറത്തിറക്കിയ 'കാരുണ്യത്തിന്റെ നിറവ്', ശാന്തിഗിരി റിസർച്ച് ഫൗണ്ടേഷന്റെ 'സ്മൃതി പുഷ്പം' എന്നീ പുസ്തകങ്ങൾ നവപൂജിതദിനത്തിൽ പ്രകാശനം ചെയ്തു.

ഇരുപത്തിയഞ്ച് ചതുർയുഗങ്ങളായി മഹാത്മാക്കളും മുനിജനങ്ങളും കാത്തിരുന്ന സുദിനമാണ് പൂർണ്ണനായ ഒരു ഗുരുവിന്റെ ജന്മസാഫല്യം. അതാണ് 92 വർഷങ്ങൾക്ക് മുമ്പ് ചന്തിരൂരിൽ സാക്ഷാത്കരിക്കപ്പെട്ടത്. സകല ദേവീദേവൻമാരും പ്രവാചകന്മാരും സിദ്ധന്മാരും ആരാധിക്കുന്നത് ആരെയാണോ അതാണ് പൂർണഗുരു. ആത്മവെളിച്ചമുള്ളവർക്ക് ഇത് ദർശനത്തിൽ കാണാൻ കഴിയും. സൂക്ഷ്മലോകം തെറ്റുകളുടെയും ശരികളുടെയും സങ്കീർണമായ സങ്കേതമാണ്. അത് കണ്ടറിയുന്ന ഗുരുവിന് മാത്രമെ ശരിതെറ്റുകൾ തിരിച്ചറിയാൻ കഴിയൂ. അല്ലെങ്കിൽ ഗുരു സ്ഥാപിക്കുന്ന പരമ്പരക്ക് തെറ്റുവരും എന്നാണ് ഗുരു പറഞ്ഞത്. കർമ്മം തപസ്സിനു തുല്യമാണെന്ന് പഠിപ്പിച്ച മഹാഗുരുവാണ് നവജ്യോതിശ്രീ കരുണാകരഗുരു. സദാ കർമ്മനിരതമാണ് ഗുരു സ്ഥാപിച്ച ആശ്രമം. കർമ്മനിരതമായ ശാന്തിയാണ് ആശ്രമത്തിന്റെ പ്രത്യേകത.

ഗുരു ആരെയും വെറുത്തില്ല. തന്നെ എതിർക്കുന്നവരെയും സ്നേഹിച്ചു. ധനികദരിദ്രഭേദം ഗുരുവിന്റെ ജീവിതത്തിൽ ഉണ്ടായിരുന്നില്ല. എന്നും സാധാരണക്കാരനായി കഴിയാനാണ് ആ മഹിമാതിരേകം ആഗ്രഹിച്ചത്. കുടുംബപ്രശ്നങ്ങൾകൊണ്ട് പൊറുതിമുട്ടുമ്പോൾ, രോഗപീഡകൾകൊണ്ടു വലയുമ്പോൾ, ജീവിതത്തിൽ താളപ്പിഴകൾ ഉണ്ടാകുമ്പോൾ എല്ലാം ഗുരു ഏവർക്കും അത്താണിയായി. ഏത് ജാതിയിലും മതത്തിലും പെട്ടവർ വന്നാലും ഗുരു അവർക്ക് ഭക്ഷണം നല്കിയേ പറഞ്ഞയക്കുമായിരുന്നുള്ളൂ. അങ്ങനെ ഗുരുവിന്റെ ആശയത്തെയും ആത്മീയതയെയും മനസ്സിലാക്കിയ സമൂഹത്തിന്റെ നാനാതുറകളിലുമുള്ള നിരവധി പേർ ഗുരുവിന്റെ അടുത്ത് വന്ന് താമസിക്കാൻ തുടങ്ങി. അതിന് ജാതിയോ മതമോ തടസ്സമായില്ല. ഗുരു നല്കിയ സ്നേഹം അനുഭവച്ചറിഞ്ഞവർക്ക് ഗുരുവിനെ ഒരിക്കലും മറക്കാനാവുകയില്ല.

സ്നേഹത്തിന്റെ മഹത്തായ സന്ദേശം സ്വന്തം ജീവിതംകൊണ്ട് ജനത്തെ പഠിപ്പിച്ച മഹാഗുരു- മനുഷ്യമനസ്സിലെ ഈ ചിത്രം ഒരിക്കലും മായുകയില്ല. മായാത്ത അനശ്വരതയാണ് ഗുരു നമ്മെ പഠിപ്പിച്ചത്. ഗുരുവിനെ നിഷേധിക്കാൻ ആർക്കും കഴിയുകയില്ല. സ്നേഹം കൊണ്ടാണ് ഗുരു മനുഷ്യമനസ്സിനെ കീഴടക്കിയത്. യുക്തിവാദികൾക്കോ ആത്മീയതയെ നിഷേധിക്കുന്നവർക്കോ ഗുരുവിനെ അംഗീകരിക്കാതിരിക്കാം. എന്നാൽ ആ സ്നേഹത്തിനു മുന്നിൽ ഗുരുവിനെ അവർക്കും അംഗീകരിച്ചേ പറ്റൂ. ജന്മവാസനയുടെ ഫലമായി ജന്മാന്തരങ്ങളിലൂടെ നമ്മുടെ ഉള്ളിൽ വന്നുചേർന്ന അഴുക്കുകൾ കുറെശ്ശെയായി കഴുകിക്കളയുകയാണ് ഗുരു ചെയ്തത്.

ഗുരുവിന്റെ മാർഗത്തിൽ അത്ഭുതങ്ങളോ സിദ്ധിജാലങ്ങളോ ഉണ്ടായിരുന്നില്ല. വാക്കുകൾകൊണ്ട് എഴുതി ഫലിപ്പിക്കാൻ കഴിയാത്തതാണ് മഹാഗുരുവിന്റെ കാരുണ്യം.

ഭൗതികലാഭങ്ങൾക്കൊപ്പം ആത്മീയലാഭങ്ങളും ഒന്നിച്ച് ചേർക്കണമെന്ന് ഗുരു പഠിപ്പിച്ചു. ഈ പാഠം പഠിക്കുന്നവനാണ് ഗുരുവിന്റെ അനുയായി. മുള്ളിനെ മുള്ളുകൊണ്ടാണ് എടുക്കേണ്ടതെന്ന് ഗുരു പറഞ്ഞു. കാലാകാലങ്ങളായി വന്നുചേരുന്ന വാസനകൾ കാലമെടുത്തും തലമുറകളിലൂടെയുമേ തിരുത്താനാവൂ. അതും പൂർണ്ണനായ ഒരു ഗുരുവിലൂടെ മാത്രം. അതിനായി ത്യാഗം ചെയ്യേണ്ടത് ഓരോരുത്തരുടെയും ആത്മബോധത്തിൽ അധിഷ്ഠിതമാണ്. അറിവിന്റെയും അത്ഭുതത്തിന്റെയും വെളിച്ചം പകർന്ന് അപൂർണ്ണതയിൽ നിന്ന് പൂർണതയിലേക്ക് ഒരു വഴി കാട്ടിത്തരുന്ന മഹാജ്ഞാനിയാണ് ഗുരു.

സത്യം എന്ന വാക്കിലാണ് ഗുരു എല്ലാം സമർപ്പിച്ചത്. സത്യമാണ് ഗുരു. ഗുരുതന്നെയാണ് സത്യം. സത്യം തന്നെയാണ് ഗുരു. അതിനാൽ നവജ്യോതിശ്രീ കരുണാകരഗുരു തന്നെയാണ് സത്യം എന്ന് നമുക്ക് ഏവർക്കും തിരിച്ചറിയാൻ കഴിയും.

# ഗുരുവാണി

ഗുരുവാരെന്നും ശിഷ്യനാരെന്നും പ്രജയാരെന്നും ഭരണകർത്താവാരെന്നും വേർതിരിച്ചറിയുന്ന കർമയോഗമുണ്ട്. ആ കർമയോഗത്തിൽ നിന്നുകൊണ്ട് സമഷ്ടിയെ കണ്ടില്ലെങ്കിൽ പാശ്ചാത്യന്റെ സമഷ്ടിപോലെ കീഴഴിഞ്ഞ് വീണ്, വികൃതിയുടെ കോലംതുള്ളലിൽ അത് ജനത്തെയും അവനെത്തന്നെയും നശിപ്പിക്കുന്ന പാതയിലേക്കു പോകും. ഇന്ന് അവർ അതിലെത്തിനിൽക്കുകയാണ്. അതുകണ്ട് നമ്മളും അങ്ങോട്ടു ചാടുന്നു. നായ്ക്കാട്ടം പട്ടിൽ പൊതിഞ്ഞുവച്ചിട്ട് 'അമൃതകുംഭം' എന്ന് എഴുതിവെക്കുന്നതുപോലെയാണ് ഇന്ന് നമ്മൾ. നമ്മുടെ ഉള്ളിലിരിക്കുന്നത് വികൃതിയുടെ വിളയാട്ടവും വികൃതന്റെ കോലംതുള്ളലുമാണ്. എന്നാൽ നമ്മുടെയുള്ളിൽ രത്നക്കട്ടിയും അതിന്റെ ഉള്ളിൽ അമൃതകുംഭവുമാണ് ഉള്ളതെന്ന് കണ്ടാൽ അതിലാരും നായ്ക്കാട്ടം കൊണ്ടിടുകയില്ല. പക്ഷെ നമ്മുടെയുള്ളിൽ പട്ടിൽ പൊതിഞ്ഞ നായ്ക്കാട്ടത്തിനു പകരം ആ രത്നക്കട്ടിയും അമൃതകുംഭവും തന്നെയുണ്ടായിരിക്കണം.

ഇതിന് നിങ്ങൾ ശീലിച്ചെടുക്കുന്നതാണ് കർമം. ആ കർമം അനുഷ്ഠിച്ച ജീവിതംകൊണ്ട് ധന്യമായിരിക്കുന്ന ഒരു ധന്യന്റെ പിന്നാലെ പോകുന്നതും സമഷ്ടിവാദം ദൃഢീകരിച്ച് ആ വികൃതം തുള്ളിയവന്റെ പിന്നാലെ പോകുന്നതും തമ്മിലുള്ള അന്തരം കണ്ടോ! ആ വികൃതസ്വഭാവത്തിൽ വളർന്ന ഒരു ശരീരത്തിനോ കർമത്തിനോ ഇവിടെ യാതൊന്നും നേടാൻ കഴിയില്ല. യാതൊന്നും കണ്ടെത്താനും കഴിയില്ല. കണ്ടെത്തിയതിനെ നശിപ്പിച്ച് വികൃതിയുടെ പരമ്പരയാക്കി മാറ്റി നാശത്തെ വിതച്ചുംകൊണ്ടേ ഇവർ ഇവിടെനിന്നും പോകൂ. ഇതിനെ കാണാനുള്ള മാതാവും അതു കണ്ട് ഒതുക്കി പ്രവർത്തിക്കാനുള്ള പിതാവുമാണ് ഇവിടെ ആവശ്യം. ഇതിന് നിങ്ങൾ ഓരോരുത്തരും ഒരു പുതിയ ജീവിതം തുടങ്ങാൻ തയ്യാറാകണം. ആ ജീവിതപ്പാതയിൽ നന്മ മാത്രം ഉൾക്കൊണ്ട് ചീത്തയെ നിഷ്കാസനം ചെയ്ത്, ആ സ്ഥാനത്തേയ്ക്ക് വീണ്ടും കുതിച്ചുകയറുന്ന സൃഷ്ടിപരമായ ജീവിതത്തെ ദാനം ചെയ്തുകൊണ്ടുപോകുന്ന കർമയോഗിയാണ് ഇവിടെ ആവശ്യം. ഇതിനെ നിങ്ങൾ വിലയും നിലയും കൊടുത്ത്, നിങ്ങളുടെ കർമത്തിൽ പുഷ്ടി വരുത്തി, യോഗ്യത നേടി, എള്ളിൽ എണ്ണ കലർന്നതുപോലെ 'സമഷ്ടി'യാക്കി വച്ചിട്ടല്ലാതെ മാറരുത്. അങ്ങനെയുള്ള ഒരു ജീവിതത്തിനു വേണം നിങ്ങൾ തുടക്കം കുറിക്കാൻ. ആ ജീവിതത്തിന്റെ ആദിമൂല്യമായിരിക്കുന്നതും അവസാനമൂല്യമായിരിക്കുന്നതും ജീവിതത്തിൽ പകർത്തി ഒതുക്കി, ഓരോ എള്ളിലും നിറഞ്ഞിരിക്കുന്ന എണ്ണ പോലെ അത് സ്വഭാവശുദ്ധിയിൽ കലർത്തി ഭാഗ്യത്തിലെത്തിച്ചു നിർത്തുന്ന ജീവിതം കൊണ്ടല്ലാതെ നിങ്ങൾക്കിതു നേടാൻ കഴിയില്ല. അതിനുവേണ്ടിയുള്ളതാവണം നിങ്ങളുടെ കർമം.

ഇത് മനസ്സിലാക്കി ജീവിതത്തെ ലക്ഷ്യപ്രാപ്തിയിലെത്തിക്കാൻ, ധർമം പൂർത്തിയാക്കി കർമനിവൃത്തി വരുത്തി നാശത്തിന്റെ ഉന്മൂലനാശം വരുത്താൻ നമുക്ക് കഴിയണം. അതിന് ദൈവം നമുക്ക് ബുദ്ധിയും അനുയോജ്യമായ പ്രകൃതിയും തന്നിട്ടുണ്ട്. എല്ലാ ആരോഗ്യസ്ഥിതിയിലുമുള്ള കർമമാർഗങ്ങളും നമുക്ക് തന്നിട്ടുണ്ട്. വസ്ത്രവും ആഹാരവുമില്ലാതെ, അവ എങ്ങനെ ഉപയോഗിക്കണമെന്നറിയാതെയിരുന്ന കാലം മാറി. ഇന്ന് ആഹാരവും വസ്ത്രവും എങ്ങനെ പരിഷ്കരിച്ച് ഉപയോഗിക്കണമെന്നും നാം ജീവിതം എങ്ങനെ നയിക്കണമെന്നും മനസ്സിലാക്കിത്തന്നിട്ട് നമ്മുടെ ബുദ്ധി ആത്മചിന്തയിലേക്ക് തിരിച്ചുവിട്ട് ജീവന്റെ മുക്തിക്ക് അവകാശപ്പെടുത്തി നിറുത്തുന്ന പാതയിലേക്കാണ് ദൈവം നമ്മെ നയിക്കുന്നത്. അപ്പോൾ അതിന് ശിക്ഷയും രക്ഷയും ഒരുപോലെ ഒരു തലത്തിൽ നിന്നും വരും. അതിനെ നായാട്ടായിട്ട് കണക്കാക്കിയാൽ കാര്യം നടക്കുകയില്ല. ആ ശിക്ഷ ഏറ്റുകൊണ്ട് മറ്റൊരു അമൃതസഫലമായ കർമത്തെ ഞാൻ ഉൾക്കൊള്ളുകയാണെന്ന് മനസ്സിലാക്കാൻ കഴിയാത്ത ഒരു കർമിക്കും ഇവിടെ നേടിയെടുക്കാൻ കഴിയില്ല.

## വചനദീപ്തി

**"അചിന്ത്യാവ്യക്തരൂപായ**
**നിർഗുണായ ഗുണാത്മനേ**
**സമസ്ത ജഗദാധാര**
**മൂർത്തയേ ബ്രഹ്മണേ നമഃ"**
**ഗുരുഗീത**

## സ്പിരിച്വൽ ഡ്യൂട്ടി ലിസ്റ്റ്

21.9.2018 – ജനസേവികപുരം

## യാമപ്രാർത്ഥന

2018 സെപ്റ്റംബർ 20, വ്യാഴം

## പൗർണ്ണമി

2018 സെപ്റ്റംബർ 24, തിങ്കൾ

# ജന്മദിന സന്ദേശം

## (ഗുരുപ്രകാശത്തിൽ നിന്നും കിട്ടിയ അറിയിപ്പ്)

നമ്മുടെ ഓരോരുത്തരുടേയും ജീവിതം എടുത്തുനോക്കുമ്പോൾ, ആ ദർശനക്കാഴ്ചകളിൽ ജീവന്റെ കർമ്മഗതി അനുസരിച്ചുള്ള കാര്യങ്ങളാണ് മുന്നിലൂടെ കടന്നുവരുന്നത്. നമ്മുടെ ഓരോരുത്തരുടേയും കർമ്മത്തിൽ കാണുന്ന ധർമ്മവും പുണ്യവശങ്ങളും അനുഭവമുള്ളയാൾ ദർശനത്തിലൂടെ കണ്ടറിയുന്നു. ഇന്നുവരെ വന്നു പോയിട്ടുള്ള മന്വന്തരങ്ങളുടേയും ആദിസനാതനത്തിന്റെയും ഏടുകളിൽ, പ്രപഞ്ചത്തിൽ നടന്നതും നടക്കേണ്ടതുമായ കാര്യങ്ങൾ എല്ലാം തന്നെ ദർശന വശത്തിന്റെ വിവിധ തലങ്ങളിൽ എത്തിയ ആളിന് കാണാൻ കഴിയും. മനുഷ്യസൃഷ്ടിയുടെ ഏകാത്മകമായ സത്യത്തെ വിളിച്ച് അറിയിക്കുന്ന സ്ഥൂലവും സൂക്ഷ്മവുമായ കാര്യങ്ങൾ നമുക്ക് ഈ കാഴ്ചകളിലൂടെ കഴിയും. അതാണ് അനുഭവത്തിന്റെ നേരായ വഴി. നമ്മുടെ ജീവിതസ്വഭാവത്തിൽ വരുന്ന ഓരോ നക്ഷത്രഗണങ്ങളുടെയും നിദാന്തമായ പോക്കിനെ കുറിച്ച് ചിന്തിച്ചാൽ, ഒരിക്കലും തീരാത്ത വഴിത്തിരിവുകൾ, ആ അറിവിന്റെ തത്വത്തിൽ എല്ലാത്തിലും നമുക്ക് അതുകാണാൻ കഴിയും. അഹം ബ്രഹ്മാസ്മി, തത്വമസി, അയമേവ ബ്രഹ്മം, അയമാത്മ ബ്രഹ്മം, പ്രജ്ഞാനം ബ്രഹ്മം എന്നുപറയുന്ന ദീർഘദർശികളുടെ ജീവിതം അതികഠോരവും പുണ്യാർജിതവുമായിരിക്കും. ചേറിൽ നിന്ന് വളരുന്ന താമരപ്പൂവിന്റെ മനോഹാരിതയും മരുന്നുകളുടെ കൂട്ടത്തിൽപെടുന്ന തൊട്ടാവാടിയുടെ വ്യത്യസ്തതയും ഒക്കെ ഒന്നൊന്നായി എടുത്ത് നോക്കുമ്പോൾ ഈ പ്രകൃതിയിൽ ഏതൊക്കെ സസ്യ ജന്തു ജീവജാലങ്ങളുണ്ടോ അവയുടെ സൃഷ്ടിയിൽ ദൈവം എന്തൊക്കെ ഏതെല്ലാം വഴിയ്ക്ക് ചെയ്തുവെച്ചിരിക്കുന്നു എന്നകാര്യം നമുക്ക് അത്ഭുതത്തോടെ മാത്രമേ കാണുവാനാകൂ. മനുഷ്യന്റെ ബുദ്ധിയ്ക്കും, ചിന്തയ്ക്കും അതീതമായിരിക്കുന്ന വശങ്ങളാണ് ഇതൊക്കെ. പഞ്ചേന്ദ്രിയങ്ങളിലും പഞ്ചകോശങ്ങളിലും പഞ്ചഭൂതങ്ങളിലും അടങ്ങിയിരിക്കുന്ന, സൃഷ്ടിയുടെ ഇത്തരത്തിലുള്ള വശങ്ങളാണ് നാം അനുഭവത്തിലൂടെ കണ്ടറിയേണ്ടത്, ഒരേ നക്ഷത്രത്തിൽ തന്നെയുള്ള മനുഷ്യരിൽ പല സ്വഭാവക്കാരെ നമുക്ക് കാണാൻ കഴിയുന്നില്ലേ? അതുപോലെ തന്നെ ആരാധനാരീതികളിൽ ശൈവം, ശാക്തേയം, വൈഷ്ണവം എന്നു പറയുന്നു. യുഗാന്തരങ്ങളായി ലോകത്ത് വന്നുപോയിട്ടുള്ള സൃഷ്ടിയുടെ വ്യത്യസ്തകൾ കാണാനുള്ള ജ്ഞാനം ഈ വഴിയിൽ പോകുന്ന അനുഭവജ്ഞാനികൾക്കുണ്ടാകണം. മനുഷ്യന്റെ ജീവിതചര്യയിൽ നമുക്ക് സനേഹവും, ഭക്തിയും പങ്കിട്ട് എടുക്കാൻ കഴിയണം. വസുധൈവ കുടുംബം പോലെ കർമ്മധർമ്മപുണ്യത്തിൽ കൂടി ജീവിതം കൊണ്ടുപോകാൻ ഉള്ള അറിവ് അവരിൽ ഉണ്ടാക്കി തീർക്കണം. അതു ലോകത്തിന് മൊത്തമായി ഇവിടെ നിന്ന് പകരാൻ കഴിയണം. അതാണ് എല്ലാം കുടുംബത്തിൽ നിന്നും തുടങ്ങണമെന്ന് പറയുന്നത്. അങ്ങനെ ശാന്തവും എന്നാൽ നന്മയുടെ അതിഗംഭീരവുമായ ഈ പോക്കിൽ, ജീവന്റെ നന്മതിന്മകൾ തിരിച്ചറിഞ്ഞ് പ്രവർത്തിക്കാൻ മനുഷ്യർക്ക് കഴിയണം. അപ്പോൾ നമ്മളിൽ തന്നെയുണ്ടാകുന്ന തിന്മയെ ഒതുക്കാനുള്ള സങ്കല്പശേഷിത്വം നമുക്ക് ഉണ്ടായിരിക്കണം. ലോകത്ത് പലവിധ സ്ഥിതിവിശേഷത്താൽപ്പെട്ടുഴലുന്ന എല്ലാ വസ്തുക്കളെയും കണ്ടറിഞ്ഞ് നമ്മുടെ സങ്കല്പശേഷിത്വത്തിൽ വിധിവിഹിതമായ കർമ്മ ധർമ്മം മനസ്സിലാക്കി എക്കാലവും പോകണം എന്നതാണ് ഗുരുവിന്റെ വഴി. എല്ലായിടത്തും എപ്പോഴും ഒന്നുപോലെ എല്ലാവരും പങ്കുവെച്ച് പോകുന്ന പുണ്യാർജ്ജിതമായ കർമ്മവും ധർമ്മവും നമ്മൾ ഈ ജീവിതത്തിലൂടെ ഉണ്ടാക്കിയെടുക്കണം. അതാണു ഗുരുമാർഗ്ഗം. അങ്ങനെയുള്ള കാര്യങ്ങളെ കണ്ട് അറിഞ്ഞ് പോകുന്ന ശേഷിത്വമാണ് ശാന്തിഗിരിയുടെ ലഘുത്വവും മഹത്വവും അനുഭവസിദ്ധാന്തവും. കലികാലവൈഭവത്തിന്റെ വിശേഷാൽ വിധിയെ കണ്ടിട്ട്, അതിന്റെ കാര്യകാരണഹേതു കണ്ടുപിടിച്ച്, ഗുരുവാക്ക് പകർത്തി, പിന്നെ അതു ജീവിതത്തിൽ പ്രവർത്തിച്ചെത്തിക്കുവാൻ നമുക്ക് ഏവർക്കും ഒന്നുപോലെ കഴിയണം. ഒരു അനുഭവജ്ഞാനി ഇങ്ങനെയുള്ള പാത കണ്ടിട്ട് സകലവിധ സന്നിധാനങ്ങളും കടന്ന് വന്ന് പ്രവർത്തിച്ചെത്തുന്ന ഗുരുകാരുണ്യത്തിന്റെ നിറവു പകരണം. ആ പുണ്യത്തിന്റേയും നന്മയുടെയും പാതയിലേക്ക് നമ്മെ ഏവരേയും എത്തിക്കേണമേ എന്ന് ദൈവത്തോട് നമുക്ക് ഒരുമിച്ച് പ്രാർത്ഥിക്കാം. ഓം ശാന്തി ശാന്തി!!

# ആത്മനിവേദനത്തിന്റെ അത്യപൂർവ്വ മാതൃക

മനുഷ്യശരീരം ബ്രഹ്മാണ്ഡങ്ങളുടെ തനിപ്പകർപ്പായ അത്ഭുതനിലയമാണെന്ന് പറയപ്പെടുന്നു. ബ്രഹ്മാണ്ഡങ്ങളിലെ ശക്തിചൈതന്യത്തെ സാക്ഷാത്കരിച്ചാൽ ഗുരുവിന്റെ സകല ധർമ്മാത്മഭാവങ്ങളെ ദർശിക്കാനാകും. ഗുരുവിന്റെ തേജസിൽ സ്പഷ്ടമായ മുദ്ര പതിപ്പിക്കാൻ കഴിയുന്ന ശിഷ്യന് നിശ്ചയമായും അനശ്വര കാലപ്രഭാവനായ ജ്ഞാനിയാകാൻ കഴിയും. ആ ശിഷ്യന്റെ ഒരു സങ്കല്പം അനന്തമംഗളശക്തിയായി സമസ്തലോകങ്ങളിലും വ്യാപിക്കും. അങ്ങനെയുള്ള ത്യാഗികളുടെ സാന്നിദ്ധ്യംകൊണ്ടാണ് പ്രപഞ്ചം താളംതെറ്റാതെ സ്ഥിതിചെയ്യുന്നത് തന്നെ. അങ്ങനെയൊരു സാന്നിദ്ധ്യമില്ലെങ്കിൽ മനുഷ്യൻ അന്തരീക്ഷത്തിൽ വലിച്ചെറിയുന്ന ദുഷ്കർമ്മങ്ങൾ ഹേതുവായി പ്രകൃതിയുടെ താളം തെറ്റിപ്പോകും.

ശിഷ്യനെ തന്നോളം മഹത്വപ്പെടുത്തുന്ന ഗുരുവിന്റെ സ്നേഹത്തിനും കരുതലിനും അതിരുകളില്ല. ശിഷ്യനു വേണ്ടിയുള്ള ഗുരുവിന്റെ നിതാന്തമായ കാത്തിരിപ്പ് അർത്ഥപൂർണ്ണമാകുന്നത് ശിഷ്യനെക്കുറിച്ചുള്ള ഗുരുവിന്റെ പ്രതീക്ഷ സഫലീകൃതമാകുമ്പോഴാണ്. "ഗുരു സകലധർമ്മാത്മാ" എന്ന അനുഭവബോധ്യത്തോളം എത്തുന്ന ശിഷ്യന്റെ ആ ദർശനസാക്ഷാത്കാരം അന്യാദൃശമാണ്. ഗുരു എന്ന അവസ്ഥയുടെ നിദാനഭൂതമായ സത്യം, ഗുരുവിന്റെ അപര്യന്ത മഹിമ, സമുത്കൃഷ്ട ചരിതം എല്ലാം യഥാതഥം വെളിപ്പെടുത്തപ്പെടേണ്ടത് ഗുരുവിലൂടെയല്ല, ആ ശിഷ്യനിലൂടെയത്രെ.

പരിണാമരഹിതനായ ഗുരു, പരിണാമത്തിന്റെ രഹസ്യമാണെന്നും ആ ശിഷ്യൻ അറിയുന്നു. ആ ശിഷ്യനെ സംബന്ധിച്ച ഏറ്റവും വലിയ സവിശേഷത പ്രപഞ്ചത്തിന്റെ താളവും ലയവും വ്യവസ്ഥയുമായ ഗുരു ആ ശിഷ്യന്റെ ശരീരനിലയങ്ങളിലും ദർശനലോകങ്ങളിലും ജാഗ്രത്, സ്വപ്ന, സുഷുപ്തി, തുരീയ അവസ്ഥാന്തരങ്ങളിൽ താൻപോലും അറിയാതെ പ്രത്യക്ഷീഭവിക്കുന്നു എന്നുള്ളതാണ്. അങ്ങനെ സകല ധർമ്മാത്മാവായ ഗുരുവിന് ആ സമ്പൂർണ്ണഭാവത്തിൽ സന്നിധാനം ചെയ്യാൻ വേണ്ടി സ്വന്തം വ്യക്തിസത്ത പൂർണ്ണമായും ത്യജിച്ച് പകരം ഗുരുവിന്റെ വ്യക്തിസത്തയായി ഭവിക്കുകയാണ്. അപ്പോൾ ഭാവങ്ങളെല്ലാം ഗുരുവിന്റേത്. ചേഷ്ടാവിശേഷങ്ങൾപോലും ഗുരുവിന്റേത്. ഗുരു എന്തറിവിൽ പ്രവർത്തിക്കുന്നു, എന്തു ധർമ്മം പ്രതിനിധാനം ചെയ്യുന്നു, ലോകവിധിക്ക് ആ ധർമ്മം എങ്ങനെ പ്രസാദമാകുന്നു എന്നിവ പൂർണ്ണമായും ബോധ്യപ്പെടുന്നത് ആ ശിഷ്യനു മാത്രം. ഗുരു അനുഭവം; അഥവാ അനുഭവം ഗുരു എന്ന സമീക്ഷ ഈ ശിഷ്യന്റെ ധാരണയ്ക്കപ്പുറം പരിചിന്തിക്കേണ്ട ആവശ്യമേ ഇല്ല. ഈ ശിഷ്യന് സ്വധർമ്മമില്ല, സ്വത്വമില്ല. ആകെയുള്ളത് ഗുരുവിനെ പ്രതിനിധീകരിക്കുന്ന അനന്യവൃത്തി മാത്രം. പ്രകൃതിയിൽ അന്തർലീനമായിരിക്കുന്ന ഏകകങ്ങളെ ഒന്നൊന്നായി കണ്ടെത്തുമ്പോഴും അവയെ കൂട്ടിച്ചേർത്ത് സർഗസൃഷ്ടി നടത്തുമ്പോഴും ആ ശിഷ്യനുണ്ടാകുന്ന അളവറ്റ ഹർഷോന്മാദംപോലും ഗുരുവിൽ സമർപ്പിക്കുന്നു. ആത്മനിവേദനത്തിന്റെ അത്യപൂർവ്വ മാതൃക ഇതാണ്.

# 'നമുക്ക് സംരക്ഷിക്കാം തേന്മാവുകൾ' പദ്ധതിയുമായി ശാന്തിഗിരി വിദ്യാഭവൻ

**എജ്യൂക്കേഷൻ സോൺ:** നമുക്ക് സംരക്ഷിക്കാം തേന്മാവുകൾ പദ്ധതിക്ക് ശാന്തിഗിരി വിദ്യാഭവനിൽ തുടക്കമായി. നമ്മുടെ നാട്ടിൽ നിന്ന് അന്യമായിക്കൊണ്ടിരിക്കുന്ന മാവുകളെ നിലനിർത്തുന്നതിനായി അവ നട്ടു സംരക്ഷിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഇതിന്റെ ഭാഗമായി സ്കൂൾ പരിസരത്ത് മാവിൻതൈകൾ നട്ടു. സ്കൂൾ പ്രിൻസിപ്പൽ സ്വാമി പ്രണവശുദ്ധൻ ജ്ഞാനതപസ്വി, വൈസ് പ്രിൻസിപ്പൽ സ്മിജേഷ് എസ്.എം., അസിസ്റ്റന്റ് ജനറൽ കൺവീനർ പി. വിജയകുമാരി, നല്ലപാഠം കോഡിനേറ്റർ ബിന്ദു നന്ദന, അഡീഷണൽ കൺവീനർ എ.റ്റി. ഉമേഷ് ബാബു തുടങ്ങിയവർ നേതൃത്വം നല്കി.



*ശാന്തിഗിരി വിദ്യാഭവനിൽ കുട്ടികൾ മാവിൻതൈ നടന്നു*

# ശാന്തിഗിരി വിദ്യാഭവൻ സ്റ്റോർ തുറന്നു

**എജ്യൂക്കേഷൻ സോൺ:** ശാന്തിഗിരി വിദ്യാഭവൻ കോമ്പൗണ്ടിൽ വിദ്യാർത്ഥികൾക്കായി സ്റ്റോർ പ്രവർത്തനം ആരംഭിച്ചു. പഠനോപകരണങ്ങൾ, സ്റ്റേഷണറി, ബേക്കറി സാധനങ്ങൾ, ഫോട്ടോസ്റ്റാറ്റ് തുടങ്ങിയ സേവനങ്ങൾ സ്റ്റോറിൽ നിന്ന് ലഭിക്കുന്നതാണ്.




# ജൈവകൃഷി ക്ലാസ് ശ്രദ്ധേയമായി

**റിസർച്ച് സോൺ:** അഗ്രികൾച്ചർ ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ ഒന്നാം നമ്പർ ഗേറ്റിനു സമീപമുള്ള കർഷക സഹായകേന്ദ്രത്തിൽ വച്ച് ജൈവകൃഷിയെക്കുറിച്ച് ബോധവത്കരണ ക്ലാസ് നടന്നു. സെപ്റ്റംബർ 9 ന് രാവിലെ പതിനൊന്നു മണിക്ക് നടന്ന ക്ലാസിൽ കാർഷിക വിദഗ്ദ്ധൻ ഡോ. കമലാസനൻ പിള്ള ജൈവകൃഷിയെക്കുറിച്ച് വിശദീകരിച്ചു. സ്വാമി ജനമോഹനൻ ജ്ഞാനതപസ്വി മഹനീയ സാന്നിധ്യമായിരുന്നു. ഗുരു വിഭാവനം ചെയ്യുന്ന ഒരു കാർഷിക സംസ്കാരത്തിനായി എന്തുചെയ്യാമെന്ന് ചിന്തിക്കേണ്ട സമയമാണിത്. ജലം മലിനമാകുന്നതിനെ കുറിച്ചും രോഗം വരാതെ സൂക്ഷിക്കേണ്ടതിനെ കുറിച്ചും ഗുരു നമ്മെ ബോധ്യപ്പെടുത്തിയിരുന്നു. അതിനുള്ള കർമ്മപദ്ധതികളും ഗുരു ആവിഷ്കരിച്ച് നടപ്പിലാക്കിയിരുന്ന കാര്യവും ആദരണീയ സ്വാമി ഓർമ്മപ്പെടുത്തി.




*ഡോ. കമലാസനൻപിള്ള ക്ലാസ് നയിക്കുന്നു*

വർഷങ്ങൾക്കു മുമ്പ് ഗുരുവിനെ കണ്ടപ്പോൾ ഗുരു നിർദ്ദേശിച്ച കാര്യങ്ങൾ ഡോ. കമലാസനൻപിള്ള യോഗത്തിൽ വിശദീകരിച്ചു. കൃഷി ചെയ്ത് മണ്ണിനെ സമ്പുഷ്ടമാക്കണം, മുരിങ്ങ, അഗത്തി, കറിവേപ്പ്, തുളസി, ചീര തുടങ്ങിയവ വീട്ടുമുറ്റത്ത് ഉണ്ടായിരിക്കണം എന്നെല്ലാം അന്ന് ഗുരു നിർദ്ദേശിച്ചിരുന്നതായി ഡോ. കമലാസനൻപിള്ള വെളിപ്പെടുത്തി. യോഗത്തിൽ മാണിക്കൽ ഗ്രാമപഞ്ചായത്ത് മെമ്പർ ആർ. സഹീറത്ത് ബീവി, എം.പി. പ്രമോദ് തുടങ്ങിയവർക്കു പുറമെ മുപ്പതോളം കർഷകരും പങ്കെടുത്തു.

# സ്ഥാനക്കയറ്റം നല്കി

**സ്പിരിച്വൽ സോൺ:** ആശ്രമം ജോയിന്റ് സെക്രട്ടറി ഓഫീസിൽ അഡീഷണൽ ജനറൽ മാനേജരായി പി. ശശീന്ദ്രനെയും ഡെപ്യൂട്ടി ജനറൽ മാനേജരായി കെ.എ. മുരളീധരനെയും നിയമിച്ചു. സെപ്റ്റംബർ മൂന്നിന് ചേർന്ന ആശ്രമം ഡയറക്ടർ ബോർഡ് യോഗത്തിലാണ് ഇതു സംബന്ധിച്ച തീരുമാനം കൈക്കൊണ്ടത്.

# പി. രഞ്ജിത്തിന് പി.എച്ച്.ഡി.



രഞ്ജിത്ത് പി.

**കൊല്ലം:** ഐ.ഐ.ഐ.ടി. ഡി.എം. കാഞ്ചീപുരത്തുനിന്ന് തിയററ്റിക്കൽ കംപ്യൂട്ടർ സയൻസിൽ, പി. രഞ്ജിത്തിന് പിഎച്ച്ഡി ലഭിച്ചു. ശാന്തിഗിരി വിശ്വസാംസ്കാരിക നവോത്ഥാനകേന്ദ്രം കൊല്ലം ഏരിയ കമ്മിറ്റി സീനിയർ കൺവീനർ പളനിയപ്പന്റെയും രമയുടെയും മകനാണ്. ഭാര്യ: ഡോ. ശ്രീരേഖ വി. ഡീസന്റ് ജംഗ്ഷൻ 'ഗുരുകൃപ'യിൽ താമസിക്കുന്നു.

# ഗൃഹപ്രവേശം നടന്നു

**സ്പിരിച്വൽ സോൺ:** സെപ്റ്റംബർ 12, ബുധനാഴ്ച ആശ്രമപരിസരത്തെ നാലു വീടുകളുടെ ഗൃഹപ്രവേശകർമ്മം അഭിവന്ദ്യ ശിഷ്യപൂജിത നിർവഹിച്ചു. പോത്തൻകോട് യൂണിറ്റിലെ മധു പി.ആർ. - മഹിമ എ.എ. എന്നിവരുടെ പുതിയ ഭവനമായ 'ശാന്തിദീപ'ത്തിന്റെ ഗൃഹപ്രവേശനകർമ്മം രാവിലെ 9.30 ന് ശിഷ്യപൂജിത നിർവഹിച്ചു.

പത്തു മണിയോടെ കാഞ്ഞാംപാറ യൂണിറ്റിൽ ബാബു റ്റി-സിന്ധു വി.പി. എന്നിവരുടെ ഭവനമായ ഗുരുസ്തുതിയുടെയും, പത്തരയോടെ പ്രകാശൻ പി.ജി- ഷീല എന്നിവരുടെ ഭവനമായ ഗുരുപുഷ്പത്തിന്റെയും ഗൃഹപ്രവേശന കർമ്മത്തിനും ശിഷ്യപൂജിതയെത്തി. തുടർന്ന് പതിനൊന്ന് മണിയോടെ രത്നഗിരി യൂണിറ്റിൽ സുരേഷ് എസ്- ദീപ എ. എന്നിവരുടെ ഭവനമായ ഗുരുദാനത്തിന്റെ ഗൃഹപ്രവേശനകർമ്മം നിർവഹിച്ചു. സമീപത്തുള്ള വി. സുരേഷിന്റെയും വി. സുജയുടെയും ഭവനമായ 'ചൈതന്യ'ത്തിലും സന്ദർശനം നടത്തിയശേഷം 12.10 മണിയോടെ അഭിവന്ദ്യ ശിഷ്യപൂജിത ആശ്രമത്തിൽ മടങ്ങിയെത്തി.



'ശാന്തിദീപം', പോത്തൻകോട്



'ഗുരുസ്തുതി', കാഞ്ഞാംപാറ



'ഗുരുപുഷ്പം, കാഞ്ഞാംപാറ



'ഗുരുദാനം', രത്നഗിരി

# പൂർണ്ണ കുംഭമേള സെപ്റ്റംബർ 20 ന്; പ്രാർത്ഥനയോടെ ഗുരുഭക്തർ

**സ്പിരിചൽ സോൺ:** സെപ്റ്റംബർ 20 വ്യാഴാഴ്ച (1194 കന്നി നാല്) ആശ്രമത്തിൽ പൂർണ്ണ കുംഭമേള പ്രാർത്ഥനാപൂർവ്വമായ അന്തരീക്ഷത്തിൽ നടക്കും. സമാനതകളില്ലാത്ത ആത്മീയ ഘോഷമായ പൂർണ്ണ കുംഭമേളയിൽ പങ്കെടുത്ത് ജന്മാന്തര കർമ്മദോഷങ്ങളുടെ നിവാരണത്തിനായി നൂറുകണക്കിന് ആത്മബന്ധുക്കൾ നാടിന്റെ നാനാഭാഗങ്ങളിൽനിന്നും ആശ്രമത്തിലെത്തും.

പ്രപഞ്ചത്തിന്റെ ഇത:പര്യന്തമുള്ള ചരിത്രത്തിലെ ഏറ്റവും മഹിതമായ ദിനമായിരുന്നു ഗുരുവിന്റെ ആത്മീയപൂർത്തീകരണം നടന്ന 1973 കന്നി 4. അനന്തപുണ്യാസ്പദമായ സ്മരണാഞ്ജലിയായിട്ടാണ് ആ ദിനം ആചരിക്കുകയും ആഘോഷിക്കുകയും ചെയ്യുന്നത്. സകല പാപഹരവും രോഗമോചനപരവും ഗോത്രശുദ്ധികരവും ആയ ദൈവാനുഗ്രഹം അതിന്റെ ഫലശ്രുതിയായി വിളംബരം ചെയ്യപ്പെട്ടു. അതാണ് ശാന്തിഗിരിയിലെ കുംഭമേള! ഉല്പത്തികാലം മുതലുള്ള ആത്മീയചരിത്രാംശങ്ങളെ സ്വാംശീകരിക്കുകയും തിരുത്തുകയും ചെയ്യുന്ന മഹത്തായ ആഘോഷമാണിത്.

ബ്രഹ്മനിശ്ചയത്തിന്റെ യുഗാന്തരങ്ങളായുള്ള സഫലീകരണത്തിനായി, അറിയിച്ചുകിട്ടുന്നതനുസരിച്ച് ഓരോ സങ്കല്പവും അനുഷ്ഠാനങ്ങളും ദീർഘകാലമായി ആശ്രമത്തിൽ ചെയ്തുവരികയായിരുന്നു. അറിയിപ്പുകൾ എന്തിനാണെന്നോ അതിന്റെ വലിപ്പവും മഹിമയും എന്താണെന്നോ അറിയാതെയുള്ള കർമ്മസപര്യയായിരുന്നു അത്.

1973 കന്നി 4 നിത്യസ്മരണാർഹമായതിനാൽ ആ സുദിനം ലോകോത്തരമായ ഉത്സവത്തിന്റെ ദിനവും ഭക്തിയുടെ സമാരോഹവും എന്ന നിലയിൽ ആചരിക്കുകയും ആഘോഷിക്കുകയും ചെയ്തുകൊള്ളാൻ ബ്രഹ്മത്തിൽ നിന്ന് അനുവാദം ലഭിച്ചു. അതാണ് വിശുദ്ധിയുടെ വ്രതാനുഷ്ഠാനമായി ശാന്തിഗിരിയിൽ ആഘോഷിക്കുന്ന കുംഭമേള.

കുംഭമേള ആഘോഷിക്കണമെന്ന് അറിയിപ്പു കിട്ടി ഏതാനും വർഷങ്ങൾ കഴിഞ്ഞതിനുശേഷമാണ് അത് പ്രാവർത്തികമാക്കാൻ സാധിച്ചത്. ജനങ്ങളുടെ തീരാവ്യാധികളുടെ പരിഹാരത്തിനായും മാനസികമായി തകർച്ച സംഭവിച്ചവർക്കുവേണ്ടിയും ഉദ്ദിഷ്ടകാര്യസിദ്ധിക്കായും നേർച്ചയായി കുംഭമെടുക്കാം. ജനങ്ങൾ എന്തുതന്നെ സങ്കല്പിച്ചാലും അതിനു ഫലമുണ്ടാകണം എന്നതാണ് കുംഭമേളാ സങ്കല്പം. ഗുരുവിന്റെ ശിഷ്യപരമ്പരയ്ക്ക് കുംഭമേള ആഘോഷിക്കാനുള്ള കഴിവ് ഉണ്ടാകണം എന്ന അചഞ്ചലമായ അഭിലാഷമാണ് ഏറ്റവും ശക്തിമത്തായി അന്ന് നിലനിന്നിരുന്നത്.

മാനവരാശിയുടെ എല്ലാവിധ ദുരിതക്ഷയത്തിനും ദോഷനിവാരണത്തിനുമായി എല്ലാവർഷവും കന്നി നാലിന് ശാന്തിഗിരിആശ്രമത്തിൽപൂർണകുംഭമേള ആഘോഷിക്കുന്നു. പൂജിതപീഠം സമർപ്പണ ആഘോഷദിനമായ ഫെബ്രുവരി 22ന് അർദ്ധവാർഷിക കുംഭമേളയും ആഘോഷിക്കുന്നു. തീരാവ്യാധികളിൽ നിന്നും മാറാത്ത കുടുംബദോഷങ്ങളിൽനിന്നും പൂർവ്വജന്മപാപകൃതമായ കർമ്മദോഷങ്ങളിൽനിന്നും മോചനത്തിനും ശാന്തിക്കും വേണ്ടി വ്രതനിഷ്ഠയോടെയാണ് കുംഭം എടുക്കേണ്ടത്. പന്ത്രണ്ട് കുംഭങ്ങൾ തുടർച്ചയായി എടുക്കാൻ കഴിഞ്ഞാൽ എല്ലാവിധ ജന്മാന്തരദോഷങ്ങളും മാറിപ്പോകും എന്നാണ് ബ്രഹ്മത്തിന്റെ അറിയിപ്പ്.



അമൽ എൻ.ആർ. ശാന്തിപുരത്ത് നിർമ്മിക്കുന്ന വീടിന്റെ ശിലാസ്ഥാപനം സെപ്റ്റംബർ 14 ന് സ്വാമി നവകൃപ ജ്ഞാനതപസ്വി നിർവഹിക്കുന്നു


ഗുരുചരണം ശരണം

പ്രാർത്ഥനയോടെ,

മധു പി.ആർ.
മഹിമ എ.എ.
ഗുരുപുഷ്പം

'ശാന്തിദീപം'
പോത്തൻകോട്





ഗുരുചരണം ശരണം

പ്രാർത്ഥനയോടെ

ജയകുമാർ എസ്.പി.
നിർമ്മലറാണി എസ്.
ഗുരുചിന്തന, ഗുരുവന്ദന

'ഗുരുനിശ്ചിതം'
കരുണപുരം


## വിവാഹിതരായി



സ്നേഹപുരം യൂണിറ്റ് 'സ്നേഹചന്ദ്രിക'യിൽ ശരത്ചന്ദ്രബാബുവിന്റെയും സരസ്വതിയുടെയും മകൻ പത്മജനും ആലപ്പുഴ പാതിരപ്പള്ളി 'ശാന്തിമന്ദിര'ത്തിൽ സി. ഉത്തമന്റെയും സീത ഉത്തമന്റെയും മകൾ ഗായത്രിയും സെപ്റ്റംബർ 5 ന് ശാന്തിഗിരി ആശ്രമത്തിൽ വച്ച് വിവാഹിതരായി.


ഗുരുചരണം ശരണം

പ്രാർത്ഥനയോടെ

സുരേഷ് എസ്.
ദീപ എ.
പൂജാദത്ത്

'ഗുരുദാനം'
രത്നഗിരി


## 'നവപൂജിതം 92'







## പ്രളയദുരിതാശ്വാസം: ഏരിയകളിൽ നിന്നുള്ള സഹായം കൈമാറി



പ്രളയദുരിതാശ്വാസനിധിയിലേക്കുള്ള നെടുമങ്ങാട് ഏരിയയുടെ സംഭാവന സ്വാമി ഗുരുമിത്രൻ ജ്ഞാനതപസ്വിക്ക് കൈമാറുന്നു

**സ്പിരിചൽ സോൺ:** പ്രളയദുരിതാശ്വാസ പ്രവർത്തനത്തിനായി വിവിധ ഏരിയകളിൽ നിന്നു സമാഹരിച്ച തുക ബന്ധപ്പെട്ട ചുമതലക്കാർ ആശ്രമം ജോയിന്റ് സെക്രട്ടറി സ്വാമി ഗുരുമിത്രൻ ജ്ഞാനതപസ്വിക്ക് കൈമാറി. മൂവാറ്റുപുഴ അടക്കം വിവിധ ഏരിയകളിലെ മാനേജർമാർ നവപൂജിതദിവസം ആശ്രമത്തിലെത്തി തുക കൈമാറുകയായിരുന്നു. ഹരിപ്പാട് ഉൾപ്പെടെ വിവിധ ഏരിയകളിൽ പ്രളയദുരിതാശ്വാസ പ്രവർത്തനങ്ങൾ ഇപ്പോഴും നടന്നുവരുന്നുണ്ട്.

**ആശ്രമത്തിന്റെ ദുരിതാശ്വാസനിധിയിലേക്കുള്ള സംഭാവനകൾ അയക്കേണ്ട അക്കൗണ്ട് നമ്പർ**

**05570200005643**

**Santhigiri Ashram**

**Bank and Branch : Bank of Baroda, Fort Branch**

**IFSC Code: BARBOTRIVAN**


Printed and published by Swami Chaithanya Jnana Thapaswi, Chief Editor, on behalf of Santhigiri Ashram, Thiruvananthapuram-695589. For private circulation only.
Editorial Head: Janani Divya Jnana Thapaswini, Editor: T. Sasimohan, Deputy Editor: Anil Cherthala